പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. : 759 — 28/09/2011 - ൽ മറുപടിയ്ക്ക്

**റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ പാണ്ടിക്കണ്ടം റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ;<br>(ബി) ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) & (ബി)<br>നബാർഡ് RIDF XVI ൽ ഉൾപ്പെടുത്തി 15 കോടി രൂപയ്ക്ക് G.O.(Rt) No.417/2011/WRD dated 26-04-2011 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ഡി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ ; | (സി) & (ഡി)<br>നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) സാങ്കേതികാനുമതിക്കായി മേൽപ്രവൃത്തിയുടെ എസ്റ്റിമേറ്റ് എന്നാണ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ വന്നിട്ടുള്ളത് ; | (ഇ) 26-05-2011-ൽ പ്രവൃത്തിയുടെ സിവിൽ പാർട്ടിന്റെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർക്ക് ലഭിക്കുകയുണ്ടായി. |

(തുടർച്ച 2)

(എഫ്) ടെൻഡർ ചെയ്യാൻ കാലതാമസം നേരിടുന്നത്മൂലം ഭരണാനുമതി നൽകിയ തുകയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കാതെ വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

(എഫ്) പ്രസ്തുത പ്രവൃത്തിക്ക് 15 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്ക് 26-5-2011-ൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിരുന്നു.എങ്കിലും റേറ്റ് റിവിഷൻ കാരണവും over head charge ഉൾപ്പെടുത്താത്തതിനാലും പ്രവൃത്തിയുടെ മെക്കാനിക്കൽ part ന്റേയും ഇലക്ട്രിക്കൽ പാർട്ടിന്റേയും എസ്റ്റിമേറ്റ് ഉൾപ്പെടുത്താത്തതിനാലും Civil, Mechanical, Electrical part ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കുവാനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

Bindu

സെക്ഷൻ ഓഫീസർ.